വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ച് ഒരു മൂത്രപ്പുര 20 മുതൽ 40 വരെ കുട്ടികൾക്കും ഒരു ശൗചാലയം 80 മുതൽ 120 വരെ കുട്ടികൾക്കും (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം) ഉപയോഗിക്കാവുന്നതാണ്.

(സി) പരിശോധന നടത്താറുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശന വേളകളിൽ പ്രസ്തുത സ്കൂളുകളിൽ ടോയ്ലറ്റുകളും യൂറിനലുകളും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉപയോഗശൂന്യമായ 272 ടോയ്ലറ്റുകൾ നന്നാക്കി എടുക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽ നിന്ന് 204 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 600 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ മൂത്രപ്പുര, ടോയ്ലറ്റ്, കുടിവെള്ള വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി 31.16 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള വിതരണം ടോയ്ലറ്റ് നിർമ്മാണം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും നിലവിലുള്ളവയുടെ ശുചിത്വം ഉറപ്പാക്കുന്നതിനും അനുവദനീയമായ തുക പി.റ്റി.എ. ഫണ്ടിൽനിന്നും കണ്ടെത്താൻ സ്കൂൾ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട മാനേജർമാർക്ക് നൽകിയിട്ടുണ്ട്.

'സാമ്പത്തിക നിലയും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവും

28 (*118) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് എത്ര തുക കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ കടിശ്ശികയായിട്ടുള്ളതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നുണ്ടോ ; തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ;

(ഡി) റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് തടസ്സമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുകയും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത പ്രകടിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-1-2014 മുതൽ 31-12-2014 വരെ കടിശ്ശിക ബില്ലിനത്തിൽ 1680.79 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 54.09 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 453.55 കോടി രൂപയും കടിശ്ശികയുണ്ട്.

(സി) പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ചില കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫണ്ടിന്റെ ലഭ്യതക്കുറവ്, ഭൂമി ഏറ്റെടുക്കുന്നതിന്റെ കാലതാമസം, നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർതലത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

ബി.എഡ്. സീറ്റുകൾ

29 (*119) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ്. സീറ്റുകളിൽ കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly